(സി) എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാലും അക്രഡിറ്റേഷന് കൂടുതൽ സമയം ആവശ്യമായതിനാലും ഈ പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പാക്കാൻ കഴിയില്ല. എന്നാൽ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസും (കെ.എ.എസ്.എച്ച്.) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നാഷണൽ സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷൻ പദ്ധതിയും കൂടുതൽ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന

3 (4286) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രക്ത സാമ്പിളുകൾ ശേഖരിക്കാനുള്ള സാമ്പിൾ കളക്ഷൻ ഫോമും പരിശോധനാ കിറ്റുകളും ലഭ്യമല്ലാത്തതിനാൽ നിലവിൽ നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന സംസ്ഥാന വ്യാപകമായി മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നവജാത ശിശുക്കളിലെ ഏതെല്ലാം ജനിതക വൈകല്യങ്ങൾ കണ്ടെത്താനാണ് സൗജന്യ പരിശോധന സർക്കാർ ആശുപത്രികളിൽ നൽകുന്നത്; ഇത്തരത്തിൽ ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര നവജാത ശിശുക്കൾക്ക് ഇത്തരത്തിലുള്ള പരിശോധന നടത്തുകയുണ്ടായി; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള പരിശോധനാ കിറ്റുകൾ വാങ്ങി ആരോഗ്യവകുപ്പിന് നൽകാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനുശേഷം എത്ര തുക പ്രസ്തുത ഏജൻസിക്ക് നൽകിയെന്ന വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്ത നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന മുടങ്ങാൻ കാരണവും, ഇത്തരത്തിൽ ശിശുക്കളോടുള്ള ക്രൂരത കാട്ടിയതും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇത്തരത്തിലുള്ള ഗുരുതര അനാസ്ഥ പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വ്യാപകമായി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള വിതരണം ലഭ്യമല്ലാതിരുന്നതിനെ തുടർന്ന് നവംബർ അവസാന വാരം എസ്.എ.റ്റി. ആശുപത്രിയിൽ സാമ്പിൾ കളക്ഷൻ ഫോമുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

(ബി) നിയോനാറ്റൽ റ്റി.എസ്.എച്ച്, 17 ഒ.എച്ച്.പി. എലീസ്സ, ജി6 പി.ഡി.ഡെഫിഷൻസി, ഫിനൈൽകീറ്റോണൂറിയ എന്നീ വൈകല്യങ്ങൾ കണ്ടെത്താനാണ് ഈ പരിശോധന നടത്തുന്നത്.

1,01,314 ടെസ്റ്റുകളാണ് ഇതുവരെ ചെയ്തിട്ടുള്ളത്.

മാർച്ച് 2013 മുതൽ ഡിസംബർ 2013 - 29,426

ജനുവരി 2014 മുതൽ നവംബർ 2014 - 71,888

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് ഇതുവാങ്ങി വിതരണം ചെയ്യുന്നത്. യുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട് വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല.

(ഇ) നവംബർ 19-ാം തീയതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 11-12-2014 മുതൽ സാമ്പിൾ കളക്ഷൻ ഫോമുകൾ എസ്.എ.റ്റി. ഉൾപ്പെടെയുള്ള ആശുപത്രികളിൽ വിതരണം പുനരാരംഭിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത ടെസ്റ്റിന് ആവശ്യമായ സാമ്പിൾ കളക്ഷൻ ഫോമുകളുടെയും മറ്റ് സാധന സാമഗ്രികളുടെയും വിതരണവും ടെസ്റ്റിംഗും പുനരാരംഭിച്ചിട്ടുണ്ട്.

മുനമ്പം സർക്കാർ ആശുപത്രിയുടെ വികസനം

4(4287) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly